ഉത്തരം

(എ) ഇത്തരം ഒരു പദ്ധതിയും ജിമ്മിൽ അവതരിപ്പിച്ചിട്ടില്ല.

(ബി) ഇല്ല. ഇത്തരത്തിലുള്ള ഒരു പദ്ധതിയും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) സർക്കാർ ആശുപത്രികളെ സ്വകാര്യവത്കരിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നത് സർക്കാർ നയമല്ല. മറിച്ച്, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ രംഗത്ത് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

ഏകീകൃത പൊതുജനാരോഗ്യ നിയമം

124 (3078)ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികൾ പെരുകി വരുന്ന ഈ അവസരത്തിൽ സംസ്ഥാനത്ത് ഒരു "ഏകീകൃത പൊതുജനാരോഗ്യ നിയമം" കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

"ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ നടപടി"

125 (3079)ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് പടർന്ന് പിടിച്ച ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾ ബാധിച്ചവർക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനും രോഗപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, മറ്റ് സാമൂഹ്യ, ആരോഗ്യപ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന സമിതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകുമോ ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരുടെയും മറ്റും സേവനങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly